(ബി) ഇല്ലെങ്കിൽ ജനപ്രതിനിധികളുടെ അഭിപ്രായം കൂടി ആരായുമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ, ബി) സാമൂഹ്യ ജലസേചന പദ്ധതികളുടെ തെരഞ്ഞെടുപ്പിനെ പറ്റി ചർച്ച ചെയ്ത ജില്ലാ ക്യാമ്പുകളിൽ ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചിട്ടുണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

അസിസ്റ്റന്റ് ലൈൻമാൻ തസ്തികയുടെ റാങ്ക് ലിസ്റ്റ്

1397. [2113] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി. ചീഫ് എഞ്ചിനീയറുടെ (ജനറൽ ആൻഡ് ആർ ആൻഡ് ബി) 11-7-1986-ലെ ഇ. എൽ. (1) 30269/86 നമ്പർ നിർദ്ദേശ പ്രകാരം 30-7-1986-ന് പാലക്കാട് വച്ചുനടന്ന അസിസ്റ്റന്റ് ലൈൻമാൻ തസ്തികയ്ക്ക് വേണ്ടിയുള്ള ഇന്റർവ്യൂവിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത് ;

(ബി) ഈ റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണവസാനിക്കുന്നത് ?

ഉത്തരം

(എ) താൽക്കാലിക നിയമനത്തിനുവേണ്ടിയാണ് പ്രസ്തുത ഇന്റർവ്യൂ നടത്തിയത്. താൽക്കാലിക നിയമനത്തിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമ്പ്രദായം നിലവിലില്ല. സെലക്ഷൻ കിട്ടിയ ആളിന്റെ വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുകയാണ് പതിവ്. അപ്രകാരം ഒരാളെ സെലക്റ്റ് ചെയ്യുകയും ഈ വിവരം 6-8-1986-ൽ പാലക്കാട് എംപ്ലോയ്മെന്റ് ആഫീസറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സെലക്റ്റ് ചെയ്ത ഒരാളെ 179 ദിവസത്തേക്ക് നിയമിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പൊതുമരാമത്ത് വകുപ്പിൽ റോളർ ക്ലീനർ തസ്തികയിലേക്കുള്ള പി. എസ്. സി. തെരഞ്ഞെടുപ്പ്

1398. [2114] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ റോളർ ക്ലീനർ തസ്തികയിലേക്ക്, പി. എസ്. സി. തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ആണോ നടക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നവരെ ഒരു ജില്ലയിൽ നിന്ന് മറ്റ് ജില്ലയിലേക്ക് സ്ഥലം മാറ്റുന്നതിന്റെ മാനദണ്ഡം എന്താണ് ;

(സി) ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തവരെ ആരെയെങ്കിലും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പൊതുമരാമത്ത് വകുപ്പ് മാറിയിട്ടുണ്ടോ ; എങ്കിൽ ആരെ ;

(ഡി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരെ നിയമിക്കാതെ കോട്ടയം ജില്ലയിലെ പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമനം നടത്തിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത നിയമനം മാറ്റി തിരുവനന്തപുരം ജില്ലയിലെ പി.എസ്.സി. ലിസ്റ്റിലുള്ളവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതെ

(ബി). ജില്ലാടിസ്ഥാനത്തിൽ നിയമനം നടത്തുന്ന ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് സംസ്ഥാനത്തെ മലബാർ, തിരുക്കൊച്ചി എന്നിങ്ങനെ രണ്ട് യൂണിറ്റുകളായി തിരിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ നിയമനം ലഭിച്ച ജീവനക്കാരന് ആ ജില്ല ഉൾപ്പെടുന്ന യൂണിറ്റിന് പുറത്തുള്ള ഒരു ജില്ലയിലേക്ക് അഞ്ചുവർഷത്തിനുള്ളിൽ സ്ഥലം മാറ്റം നൽകുന്നതല്ല. എന്നാൽ യൂണിറ്റിൽ തന്നെയുള്ള മറ്റൊരു ജില്ലയിലേക്ക് 'ജൂനിയർ മോസ്റ്റ്' ആയി സ്ഥലം മാറ്റത്തിന് സമ്മതിച്ചുകൊണ്ട് ജീവനക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ അഞ്ചുവർഷത്തിനുള്ളിൽതന്നെ സ്ഥലം മാറ്റം നൽകാവുന്നതാണ്.

(സി) ഇല്ല.

(ഡി) അപ്രകാരം നിയമനം നടത്തിയിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

വാട്ടർ അതോറിറ്റിയിലെ നിയമനങ്ങളെപ്പറ്റിയുള്ള ആക്ഷേപം

1399. [2117] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിൽ നടന്ന നിയമനങ്ങളിൽ ക്രമക്കേടുകളും ഉണ്ടായിരുന്നതായി ഏതെങ്കിലും വിധത്തിലുള്ള ആക്ഷേപം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുവരെയുള്ള നിയമനങ്ങളെ സംബന്ധിച്ചാണ് ആക്ഷേപം ഉണ്ടായിട്ടുള്ളത് ;

(സി) ഈ കാലയളവിൽ എത്ര നിയമനം നടന്നെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കാനും പരിഹാരം ഉണ്ടാക്കാനും നടപടി സ്വീകരിക്കുമോ ;

(ഇ) ഈ കാലയളവിനുശേഷം എത്ര നിയമനം നടന്നു ;

(എഫ്) നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നു എന്ന പ്രഖ്യാപനം നടപ്പിലാക്കിയോ ;

(ജി) ഇല്ലെങ്കിൽ എപ്പോൾ നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly